**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 170** | **09-02-2023 - ൽ മറുപടിയ്ക്ക്**

**മാലിന്യ സംസ്കരണത്തിന് ജനകീയ പങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഒ . ആർ. കേളു,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | നവകേരള നിർമ്മിതിക്ക് അനിവാര്യമായ ശാസ്ത്രീയ സമ്പൂർണ്ണ മാലിന്യ സംസ്കരണം ഉറപ്പുവരുത്തുന്നതിന് ജനകീയ പങ്കാളിത്തത്തോടെ പ്രചാരണ പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | **ആവിഷ്കരിച്ചിട്ടുണ്ട്.**<br><br>**കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും മാലിന്യസംസ്കരണ ശീലത്തിലും മനോഭാവത്തിലും വലിയ മാറ്റം കൊണ്ടു വരാൻ വിപുലമായ ജനകീയ ക്യാമ്പയിൻ നടത്തുന്നതിന് രൂപം നൽകിയിട്ടുണ്ട്.**<br><br>**ഒറ്റത്തവണ ഉപയോഗത്തിലുള്ള പ്ലാസ്റ്റിക് നിരോധനം സംബന്ധിച്ചും  ദ്രവ മാലിന്യ പരിപാലന മേഖലയിൽ പൊതു ജലസ്രോതസുകളുടെ ജല ഗുണനിലവാരത്തിന്റെ  അപകടാവസ്ഥ ജനങ്ങളെ ബോധ്യപ്പെടുത്തി സംസ്കരണ പ്ലാന്റുകൾ, ബഹുജന പിന്തുണയോടെ സ്ഥാപിക്കുന്നതിന് 'മലംഭൂതം' എന്ന  ക്യാമ്പയിനും, ഖരമാലിന്യവുമായി ബന്ധപ്പെട്ട് 'വലിച്ചെറിയൽ മുക്തകേരളം' എന്ന കാമ്പയിനും  തുടക്കം കുറിച്ചിട്ടുണ്ട്.ശാസ്ത്രീയമായ മാലിന്യസംസ്കരണ സാങ്കേതിക വിദ്യയും നൂതന ആശയങ്ങളും പരിചയപ്പെടുത്തുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ്  2023 ഫെബ്രുവരി 4 മുതൽ 6 വരെ എറണാകുളത്ത് സംഘടിപ്പിച്ച ഗ്ലോബൽ എക്സ്പോയും ശ്രദ്ധേയമായ പരിപാടി ആയിരുന്നു.** |
| (ബി) | ശുചിത്വബോധം വളർത്തുന്നതിനും വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ; | (ബി) | ജനങ്ങളിൽ ശുചിത്വ ബോധം വളർത്തുന്നതിനും വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്ലാസ്റ്റിക്കും മറ്റ് പാഴ്‌വസ്തുക്കളും ശാസ്ത്രീയമായി സംസ്കരിക്കാൻ ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനം കൂടുതൽ ശാക്തീകരിക്കാൻ ലക്ഷ്യമിടുന്നുണ്ടോ? | (സി) | **ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു .** |

| | | | | |
|---|---|---|---|---|
| | | | | 1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ കൂടുതൽ വിപുലീകരിക്കുന്നതിനും യന്ത്രവൽക്കരണം നടത്തുന്നതിനും ശേഖരിക്കുന്ന പാഴ് വസ്തുക്കൾ രണ്ടാംഘട്ട തരംതിരിവ് നടത്തി കൂടുതൽ വിപണന സാധ്യത ഉറപ്പുവരുത്തുന്നതിനായുള്ള ഫെസിലിറ്റികൾ എല്ലാ ജില്ലകളിലും പ്രവർത്തന സജ്ജമാക്കുന്നതിനും തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിലെ ഫെസിലിറ്റികൾ ഉടനെ പ്രവർത്തനം ആരംഭിക്കുന്നതിനും നടപടി എടിത്തിട്ടുണ്ട്.<br>2. സംയോജിത പാഴ് വസ്തു പരിപാലന കേന്ദ്രങ്ങൾ, രണ്ട് ചില്ല് മാലിന്യ പരിപാലന കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.<br>3. സർക്കാർ ഓഫീസുകളിൽ നിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന ഇ-മാലിന്യങ്ങൾ ശാസ്ത്രീയമായി പരിപാലനം ചെയ്യുന്നതിനുള്ള ഫെസിലിറ്റി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>4. ഹരിത കർമ്മ സേന ശേഖരിക്കുന്ന, ഉപയോഗിച്ച് ഉപേക്ഷിക്കുന്ന പാഴ് വസ്തുക്കൾ വില കൊടുത്തു വാങ്ങുന്ന പദ്ധതിയുടെ തുടർപ്രവർത്തനം എന്ന നിലയിൽ 826 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br>5. പുന: ചംക്രമണയോഗ്യമല്ലാത്തതും 60 മൈക്രോണിൽ താഴെ കനമുള്ളതും വിപണി മൂല്യം ഇല്ലാത്തതുമായ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രെഡ് ചെയ്ത് റോഡ് നിർമ്മാണ പ്രവർത്തികൾക്ക് ഉപയോഗിക്കുന്ന പ്രക്രിയയുടെ ഭാഗമായി ഷ്രെഡ്ഡ് പ്ലാസ്റ്റിക്കുകളുടെ ഉൽപാദനം 164 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്നുണ്ട്.<br>6. ഇപ്രകാരം 2016 മുതൽ 2022 ഡിസംബർ മാസം വരെ 3293.145 ടൺ shredded plastic ഉല്പാദിപ്പിക്കുകയും, 2987.02 ടൺ LSGD യുടെയും PWD യുടെയും ഉൾപ്പെടെ 5285.54 കി മി പോളിമറൈസ്ഡ് റോഡ് നിർമ്മാണം നടത്തുവാൻ ഉപയോഗിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

ജനങ്ങളിൽ ശുചിത്വ ബോധം വളർത്തുന്നതിനും വികേന്ദ്രീകൃത മാലിന്യ സംസ്കരണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും ചുവടെപറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

**1.** എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ കമ്മ്യൂണിറ്റി തലത്തിലും പരമാവധി സ്വന്തം നിലയിൽ കമ്പോസ്റ്റിങ്ങ്, ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്), രീതികളിലൂടെ ജൈവമാലിന്യം സംസ്ക്കരിക്കപ്പെടുന്നതിനും അതിനായി ശുചിത്വ മിഷൻ അംഗീകരിച്ചിട്ടുള്ള ഉപാധികൾ പ്രയോജനപ്പെടുത്തുകയും ചെയ്യുക.

**2.** സ്ഥല പരിമിതിയുള്ള വീടുകളിലെ ജൈവമാലിന്യം കമ്മ്യൂണിറ്റി തല കമ്പോസ്റ്റിംഗ് നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏറ്റെടുക്കുക.

**3.** സ്ഥാപനങ്ങൾ, മാർക്കറ്റ്, കമ്മ്യൂണിറ്റി എന്നീ തലങ്ങളിൽ തുമ്പൂർമൂഴി കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റ് എന്നി പ്രോജക്ടുകൾ നടപ്പിലാക്കുക.

**4.** നിലവിലുള്ള പൊതുമാലിന്യ സംസ്ക്കരണ പ്ലാന്റുകളുടെ അറ്റകുറ്റപണികളും നവീകരണ പ്രവർത്തനങ്ങളും ഏറ്റെടുക്കുക.

**5.** വീടുകളിൽ നിന്നും സ്ഥാപങ്ങളിൽ നിന്നും വൃത്തിയാക്കി തരം തിരിക്കപ്പെട്ട അജൈവമാലിന്യം ശേഖരിച്ച് പുനഃചംക്രമണം ചെയ്യുന്നതിനായി പൊതുവായ അജൈവ മാലിന്യ പരിപാലന സൗകര്യങ്ങളായ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ സ്ഥാപിക്കുക അജൈവ മാലിന്യ പുനഃചംക്രമണ പാർക്കുകൾ എന്നിവ സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തുക.

**6.** അജൈവ മാലിന്യങ്ങൾ ഹരിതകർമ്മസേന വഴി യൂസർഫീയുടെ അടിസ്ഥാനത്തിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് സംഭരിക്കുന്നതിലേക്ക് എം.സി.എഫ്.,(മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റി)കളും, എം.സി.എഫിൽ നിന്ന് രണ്ടാംഘട്ട തരംതിരിവിനും, റീസൈക്ളിംഗ് മേഖലയ്ക്ക് കൈമാറുന്നതിനും പുനഃചംക്രമണത്തിന് സാധ്യത കുറവുള്ള പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്യുന്നതിന് ആർ.ആർ.എഫുകളും, തദ്ദേശ സ്ഥാപനതലത്തിൽ സ്ഥാപിച്ച് വരുന്നു. ആർ.ആർ.എഫുകളിൽ നിന്ന് ഷ്രെഡഡ് പ്ലാസ്റ്റിക്കുകൾ റോഡ് ടാറിംഗിനും സിമന്റു നിർമ്മാണത്തിനും ഉപയോഗിക്കുന്നു.

**7.** മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന്റെ അനുബന്ധ സൗകര്യങ്ങളായ ബെയ്ലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ, ഡി-ഡസ്റ്റിംഗ് മെഷീൻ, വാഷിംഗ് സൗകര്യം, മലിനജലം ട്രീറ്റ് ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ ആവശ്യാനുസരണം ഏർപ്പെടുത്തുക.

**8.** ഗ്യാസ് ക്രിമറ്റോറിയം, അറവുശാല, പാക്കേജ്ഡ് സീവേജ്/സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ടുകൾ ഏറ്റെടുക്കുക.

**9.** ജൈവമാലിന്യ സംസ്കരണം ഊർജ്ജിതപ്പെടുത്തുന്നതിനായി ഉപയോഗിക്കുന്ന അംഗീകൃത ഇനോകുലങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുക.

**10.** റീജിയണൽ സാനിട്ടറി ലാൻഡ്ഫിൽ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തലും അവ സ്ഥാപിക്കലും.

**11.** റീസൈക്ലിംഗ് വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് റീസൈക്ലിംഗ് വ്യവസായപാർക്ക് സ്ഥാപിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യം വ്യവസായ എസ്റ്റേറ്റുകളിൽ ഒരുക്കുക.

**12.** ചിക്കൻ വേസ്റ്റ് / മുടി / സാനിട്ടറി വേസ്റ്റ് / ഗാർഹിക മെഡിക്കൽ മാലിന്യം / **C&D**

വേസ്റ്റ് തുടങ്ങിയവക്ക് സംസ്‌ക്കരണ സംവിധാനം ഏർപ്പെടുത്തുക

**13.** കക്കൂസ് മാലിന്യത്തിന്റെ അളവനുസരിച്ച് സംസ്‌ക്കരിക്കുന്നതിനുള്ള **FSTP** – സംവിധാനം ഒരുക്കുക

**14.** വീടുകളിൽ നിന്നുമുണ്ടാകുന്ന മലിന ജലം സംസ്‌ക്കരിക്കുന്നതിനുള്ള സോക്ക്‌പിറ്റുകൾ സ്ഥാപിക്കുക

**15.** എല്ലാ പ്രധാന പൊതു ഇടങ്ങളിലും ടേക് എ ബ്രേക്ക് ടോയ്ലറ്റ് പദ്ധതി നടപ്പിലാക്കുക

**16.** നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങളുടെ ഉല്പാദനം - സംഭരണം - വില്പന നടത്തുന്നതിനെതിരെ ആവശ്യമായ എൻഫോഴ്സ്മെന്റ് സംവിധാനം ഏർപ്പെടുത്തുക

**17.** ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിങ് ആപ്പ് സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും എത്തിക്കലും **QR** കോഡ് സംവിധാനം എല്ലാ വീടുകളിലേക്കും എത്തിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ

**18.** പൊതു ജനങ്ങളിൽ സുരക്ഷിത മാലിന്യ സംസ്‌ക്കരണത്തിന് അനുകൂലമായ മനോഭാവം സൃഷ്ടിക്കുന്നതിനാവശ്യമായ വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുക.

**19.** കേന്ദ്രാവിഷ്‌കൃത ഫണ്ട് ഉപയോഗിച്ചുകൊണ്ട് മാലിന്യ സംസ്‌ക്കരണ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പരമാവധി പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കുക.